7767
6/8/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 - ഷെൽട്ടർ ഹോമുകൾ എല്ലാ ജില്ലകളിലും തുടങ്ങുന്നതിന് അനുമതി നൽകി **ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം .481/2014/സാനീവ                    തീയതി, തിരുവനന്തപുരം, 5.8 .2014

---

പരാമർശം : 1) സാമൂഹ്യനീതി ഡയറക്ടറുടെ 15.7.2014-ലെ എഫ്.2/12814/14 നമ്പർ കത്ത്.

2) 21.07.2014ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മഹിളാ മന്ദിരങ്ങളെ ഷെൽട്ടർ ഹോമുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിച്ച് പാർപ്പിക്കുന്നതിന് നിലവിൽ ടി സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. നിയമ സഹായവും കൗൺസിലിംഗും നൽകുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിൽ എത്തിക്കുന്ന ഗാർഹിക പീഡനത്തിനിരയായ വനിതകളെ മറ്റ് അന്തേവാസികൾക്ക് ഒപ്പം പാർപ്പിക്കുന്നതിനാൽ പല സ്ഥാപനങ്ങളിലും അനുവദിച്ചിട്ടുള്ള അന്തേവാസികളുടെ എണ്ണത്തേക്കാളും കൂടുതൽ അന്തേവാസികൾ ഉണ്ടെന്നും ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്ക് ആവശ്യമായ കൗൺസലിംഗും, ആഹാരവും വസ്ത്രവും താൽക്കാലിക താമസവും നിയമ സഹായവും ചിലപ്പോൾ പ്രത്യേക വൈദ്യസഹായവും തൊഴിൽ പരിശീലനവും നൽകേണ്ടത് അത്യാവശ്യമായതിനാൽ ഗാർഹിക പീഡനത്തിനിരയായവർക്ക് മാത്രമായി ഓരോ ജില്ലയിലും ഒരു പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്നും ആയതിലേയ്ക്കായി ചുവടെ ചേർക്കും പ്രകാരം ചെലവ് വരുമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## Administration and Management

| Sl. No. | Name of Post | No. of Post | Remuneration | |
|---|---|---|---|---|
| | | | Monthly | Yearly |
| 1 | Superintendent/Manager | 1 | 12,000/- | 1,44,000/- |
| 2 | Counsellor | 1 | 10,000/- | 1,20,000/- |
| 3 | Office Assistant cum Data Entry Operator | 1 | 8,000/- | 96,000/- |
| 4 | Watchman/Peon | 2 | 5000 x 2=10,000/- | 1,20,000/- |
| | **Grand Total** | | **4,80,000/-** | |

**Recurring Expenditure**

| Sl. No. | Particulars | Unit | Expenditure | |
|---|---|---|---|---|
| | | | Monthly | Yearly |
| 1 | Rent | 1 unit | 12,000/- | 1,44,000/- |
| 2 | Food | Per resident | 1200/- | 4,32,000/- |
| 3 | Clothing | Per resident | - | 30,000/- |
| 4 | Medicine, Personal Kit etc | Per resident | 200/- | 72,000/- |
| 5 | Pocket Money | Per resident | 100/- | 36,000/- |
| 6 | Recreational Activity/Vocational Training | Consolidated | 1800/- | 21,600/- |
| 7 | Telephone charges, Tapal charges & contigency | Per shelter home | 2000/- | 24,000/- |
| | **Grand Total** | | **7,59,600/-** | |

**Non Recurring Grant**

| Item | Quantity | Expenditure |
|---|---|---|
| Cot | 30 No.s x 2000 | 60,000/- |
| Table | 2 No.s x 5000 | 10,000/- |
| Dining Table | 4 No.s x 8000 | 32,000/- |
| Office Chair | 2 No.s x 1500 | 3,000/- |
| Ordinary Chair | 30 No.s x 500 | 15,000/- |
| Almirah (big size) | 3 No.s x 10,000 | 30,000/- |
| Almirah (small size) | 3 No.s x 7000 | 21,000/- |
| Cooking Utensils | | 30,000/- |
| Miscellaneous Expenses | | 25,000/- |
| **Total** | | **2,26,000/-** |

ടി പദ്ധതി നടത്തിപ്പിനായി 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ഓഗസ്റ്റ് മുതൽ മാർച്ച് വരെ Recurring തുക 1,15,69,600/- രൂപയും Non Recurring തുക 31,64,000/- രൂപയും ഉൾപ്പെടെ 1,47,33,600/- രൂപ ആവശ്യമായി വരുമെന്നും, ആയത് നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-103-75 (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 21.7.2014 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യനീതി ഡയറക്ടറുടെ ടി പ്രൊപ്പോസൽ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക പീഡനത്തിനിരയായവർക്ക് മാത്രമായി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയും, ആയതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-103-75 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,47,33,600/- രൂപ (ഒരു കോടി നാൽപത്തിയേഴ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അറുനൂറ് രൂപ മാത്രം) അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

**സാമൂഹ്യ** നീതി **ഡയറക്ടർ, തിരുവനന്തപുരം.**
**സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ), കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.**
**ധനകാര്യ വകുപ്പ്**
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**സാമൂഹ്യ**നീതി (എ) വകുപ്പ്
**കരുതൽ ഫയൽ/ഓഫീസ് കോപ്പി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ